E- 144938/22

<u>വിവരാവകാശ നിയമപ്രകാരം താഴെ പറയുന്ന വിവരങ്ങൾ ലഭ്യമാക്കണമെന്ന് അപേക്ഷിക്കുന്നു.</u>

പ്രേക്ഷിതൻ

റഫീഖ് വി ഇ
വടക്കേച്ചിറ വീട്
ചന്തിരൂർ പി ഒ
ആലപ്പുഴ 688537

സ്വീകർത്താവ്

ദി സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ , തിരുവനന്തപുരം

22 JAN 2022

1. ജില്ലാ സാമൂഹ്യനീതി ഓഫീസർമാരുടെ നിയമന ഉത്തരവിലെ ക്രമ നമ്പറിലെ അപാകത പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാരിൽ നിന്ന് A1 237/2021 ,18/11/2021 തിയതി കത്ത് സാമൂഹ്യനീതി ഡയറക്ട്രേറ്റിൽ സ്വീകരിച്ച തീയതിയും ആയതിന്റെ ഫയൽ നമ്പരും?
2. മേൽപരാമർശിച്ച ഫയലിൽ സാമൂഹ്യനീതി ഡയറക്ടറേറ്റ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുക.
3. സാമൂഹ്യനീതി വകുപ്പിലെ ജീവനക്കാരുടെ ഉദ്യോഗകയറ്റത്തിന് ആധാരമായ എക്സിക്യൂട്ടീവ് ഉത്തരവിൽ , ജില്ലാ സാമൂഹ്യനീതി ഓഫീസർ തസ്തികയിലേക്കുള്ള ഉദ്യോഗകയറ്റത്തിന് നിശ്ചയിച്ചിട്ടുള്ള ഫീഡർ കാറ്റഗറികളിൽ ഒന്നാമതായി പ്രൊബേഷൻ ഓഫീസർ, രണ്ടാമതായി സീനിയർ സൂപ്രണ്ട്, മൂന്നാമതായി സ്ഥാപന സൂപ്രണ്ട് എന്ന ക്രമത്തിലാണോ രേഖപ്പെടുത്തിയിട്ടുള്ളത്?
4. സാമൂഹ്യനീതി ഡയറക്ട്രേറ്റിൽ നിന്നുള്ള പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച ജില്ലാ സാമൂഹ്യനീതി ഓഫീസർ തസ്തികയിലേക്കുള്ള സെലക്ട് ലിസ്റ്റിൽ 1,2,3 കാറ്റഗറികൾ ഏതൊക്കെയാണെന്ന വിവരം സെലക്ട് ലിസ്റ്റിലെ ക്രമം അനുസരിച്ച് ലഭ്യമാക്കാമോ?
5. കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവീസസ് റൂൾ (KSSR) സാമൂഹ്യനീതി വകുപ്പിന് ബാധകമാണോ?
6. കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവീസസ് റൂൾ (KSSR) വകുപ്പ് 2 അനുസരിച്ചാണോ ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ നിയമന ഉത്തരവിനായുള്ള പ്രൊപ്പോസൽ സാമൂഹ്യനീതി ഡയറക്ട്രേറ്റിൽ നിന്ന് സർക്കാരിലേക്ക് സമർപ്പിച്ചത്?
7. സർക്കാർ കത്ത് നംപർ A1 237/2021, തീയതി 18/11/2021 -ലെ കത്ത് പ്രകാരം ജില്ലാ സാമൂഹ്യനീതി ഓഫീസർ തസ്തികയിലേക്കുള്ള നിയമന ഉത്തരവിലെ ക്രമ നമ്പറിലെ അപാകത സാമൂഹ്യനീതി ഡയറക്ടറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?
8. സാമൂഹ്യനീതി വകുപ്പിൽ പുതിയ സ്പെഷ്യൽ റൂൾ നിലവിൽ വരുന്നതോടുകൂടി , എക്സിക്യൂട്ടീവ് ഉത്തരവ് പ്രകാരം സ്വീകരിച്ചിട്ടുള്ള എല്ലാ നടപടികളും സ്പെഷ്യൽ റൂളിന് അനുസൃതമായി മുൻകാല പ്രാബല്യം ഉണ്ടാകുമെന്ന് എക്സിക്യൂട്ടീവ് ഉത്തരവിൽ പരാമർശിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുക

F2

Forwarded to Estt
22/1/22

പ്രസ്തുത ചോദ്യങ്ങൾക്ക് വിവരാവകാശ നിയമപ്രകാരം മറുപടി ലഭ്യമാക്കണമെന്ന് അപേക്ഷിക്കുന്നു

ചന്തിരൂർ
19/01/2022

എന്ന്
Rafeek
റഫീഖ് വി ഇ